**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 23 | 09.03.2015 ൽ മറുപടിക്ക്

**സർക്കാർ സ്ഥലങ്ങളിലും ഓഫീസ് മേൽക്കൂരകളിലും മൊബൈൽ ടവറുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.എൻ.എ ഖാദർ** | | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യ മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാരിന്റെ സ്ഥലങ്ങളിലും ഓഫീസ് മേൽക്കൂരകളിലും മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് സ്വകാര്യ മൊബൈൽ കമ്പനികൾക്ക് അനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 01-01-2015 ലെ സ.ഉ(എം.എസ്) നമ്പർ 01/2015/വി.സാ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ വക സ്ഥലങ്ങളിലും സർക്കാർ ഓഫീസ് മേൽക്കൂരകളിലും കർശന വ്യവസ്ഥകളോടെ പാട്ടക്കരാർ വ്യവസ്ഥയിൽ സ്വകാര്യ ടെലികോം സേവന ദാതാക്കൾക്ക് മൊബൈൽ ടവർ സ്ഥാപിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ജനവാസ കേന്ദ്രങ്ങളിൽ ഇത്തരം ടവറുകൾ സ്ഥാപിക്കുന്നത് ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കു മെന്നത് സംബന്ധിച്ച പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ഉണ്ട്. മൊബൈൽ ഫോൺ ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര ടെലികോം വകുപ്പിന്റെ മാനദണ്ഡങ്ങളാണ് കേരളത്തിലും പിൻതുടരുന്നത്. റേഡിയേഷൻ മൂലമുണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിനായി മൊബൈൽ ഫോൺ ടവറുകൾ സ്ഥാപിക്കുമ്പോൾ പാലിക്കേണ്ട സുരക്ഷിത അകലവും റേഡിയേഷന്റെ തോതും കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. ഇവ പരിശോധിച്ച് ഉറപ്പുവരുത്താൻ കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭാരത സർക്കാർ സ്ഥാപനമായ "Telecom Enforcement Resource&Monitoring (TERM-Kerala)" എന്ന സ്ഥാപനത്തെ ചുമതല പ്പെടുത്തിയിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിൽ പൊതുവായി അംഗീകരിച്ച സുരക്ഷാ മാനദണ്ഡങ്ങളേക്കാൾ പത്ത് മടങ്ങ് കർശന വ്യവസ്ഥകളാണ് കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. |
| (സി) | എങ്കിൽ പ്രസ്തുത തീരുമാനം സംബന്ധിച്ച് പൊതുജനങ്ങളിൽ ഉണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | | |
| (ഡി) | ഈ തീരുമാനം നടപ്പിലാക്കുന്നത് മൂലം സർക്കാർ സ്ഥലങ്ങളുടെയും ഓഫീസുകളുടെയും ഭാവി വികസന പരിപാടികൾ തടസ്സപ്പെടാനിടയുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | ഭാവി വികസന പ്രവർത്തനങ്ങൾ മുൻകൂട്ടി കണ്ട് ആയത് കൂടി പരിഗണിച്ച് മാത്രമേ സർക്കാർ ഓഫീസുകളും സ്ഥലങ്ങളും മൊബൈൽ ടവർ സ്ഥാപിക്കുന്നതിനായി വിട്ടു നൽകുവാൻ അനുമതി നൽകിയിട്ടുള്ളൂ. മൊബൈൽ ടവർ നിർമ്മാണത്തിനായി സ്ഥലവും ഓഫീസ് കെട്ടിടവും വിട്ടു നൽകണമോ എന്ന കാര്യം അതാത് ഓഫീസ് മേധാവികളുടെ വിവേചനാധികാരത്തിൽ പെടുന്നവയാണ്. സർക്കാർ ഇക്കാര്യത്തിൽ പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ മാർഗ്ഗ നിർദ്ദേശങ്ങൾ ഒരു വകുപ്പിനെയും/ഓഫീസ് മേധാവികളേയും മൊബൈൽ ടവർ നിർമ്മാണാനുമതി നൽകുന്നതിന് നിർബന്ധിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**